കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

പി.എൽ. നമ്പർ : 08/2009/എം.എൽ.പി.എം — മലപ്പുറം
കാററഗറി നമ്പർ : 83/ 2007. — 28/10 /2009

## വിജ്ഞാപനം

12/03/2007 - ലെ ഗസറ്റ് വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയിൽ ടൂറിസം വകുപ്പിൽ 2650 - 4150 രൂപ (റിവിഷനു മുമ്പ്) ശമ്പള നിരക്കിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 83/2007) തെരഞ്ഞെടുപ്പിനായി 05/12/2008-ൽ നടത്തിയ ഒബ്ജക്റ്റീവ് (ഒ.എം.ആർ മൂല്യനിർണ്ണയം) പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർത്തിരിക്കുന്നു.

ഈ രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജനനതീയ്യതി, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സൽ പരിശോധനക്ക് വിധേയമാക്കുന്നതാണ്.

പരീക്ഷ എഴുതിയ നിശ്ചിത യോഗ്യതയുള്ള എല്ലാ ഉദ്യോഗാർത്ഥികളെയും ഏകീകൃത സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. .

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പായി മലപ്പുറം ജില്ലയെ സൂചിപ്പിക്കുന്ന ' എം ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

## ഏകീകൃത പട്ടിക

| | | | |
|---|---|---|---|
| **150001** | **150002** | **150003** | **150005** |
| **150007** | **150008** | **150009** | **150010** |

കുറിപ്പ്:**1)** അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ല. തികച്ചും സോപാധികമായിട്ടാണ് രജിസ്ററർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊളളിച്ചിട്ടുളളത്. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

**2)** അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുളള വിശദാംശങ്ങളെ അടിസ്ഥാന–മാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുളളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

**3)** ജനനത്തീയതി, ജാതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളുമായി പരിശോധനയ്ക്ക് നിശ്ചിതസമയത്ത് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെയും, അപേക്ഷയിൽ മറ്റ് ഏതെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടെയും രജിസ്റ്റർ നമ്പറുകൾ ഇനി ഒരു അറിയിപ്പ് കൂടാതെ തന്നെ സാധ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

4) സംവരണാനുകൂല്യത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസിൽദാരിൽ നിന്നും പി.എസ്.സി.മുമ്പാകെ ഹാജരാക്കുന്നതിനായി ലഭിച്ച ജാതി സർട്ടിഫിക്കറ്റും രണ്ട് ശരിപ്പകർപ്പുകളും മറ്റു പിന്നോക്കസമുദായാംഗങ്ങൾ 25.08.2007 ലെ ജി.ഒ.(പി) നമ്പർ 46/2007/SCSTDD അല്ലെങ്കിൽ 19.12.2008 ലെ ജി.ഒ.(പി) നമ്പർ 117/2008/SCSTDD പ്രകാരമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളള ഉദ്യോഗാർത്ഥികളെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത 'ഓപ്പൺ കോമ്പറ്റീഷൻ' ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്.

5 ) ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുളള ഉദ്യോഗാർത്ഥികളുടെ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന **16.11.2009-ന് രാവിലെ 9 മണിക്ക്** കേരള പബ്ലിക് സർവീസ് കമ്മീഷൻ മലപ്പുറം ജില്ലാ ആഫീസിൽ വച്ച് നടത്തുന്നതാണ്.

6) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഉത്തരക്കടലാസുകളുടെ പുന:പരിശോധന അനുവദിക്കുന്നതല്ല.

7) ജനനതീയതി, വിദ്യാഭ്യാസയോഗ്യതകൾ, ജാതി/സമുദായം, അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന മറ്റേതെങ്കിലും അർഹതകൾ എന്നിവ സംബന്ധിച്ചുള്ള രേഖകൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കാൻ അനുവാദം നൽകുന്നതല്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

വിതരണാനുമതി നൽകുന്നു

എം. കുഞ്ഞ് കുഞ്ഞ്
ജില്ലാ ഓഫീസർ,
കെ.പി.എസ്.സി.ജില്ലാ ആഫീസ്
മലപ്പുറം

സെക്ഷൻ ഓഫീസർ

*P/M4*